# കേരള സർവകലാശാല

നം.പി.ആർ.121/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## ബി.എ മ്യൂസിക് ഒന്നാം വർഷ ബിരുദ പ്രവേശനം 2019

ഒന്നാം വർഷ ബി.എ മ്യൂസിക്കിന് പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും ജൂൺ 11 നകം അതത് കോളേജുകളിൽ സമർപ്പിക്കണം.

അഭിരുചി പരീക്ഷകൾ നീറമൺകര എൻ.എസ്.എസ് കോളേജിൽ ജൂൺ 15 നും, കൊല്ലം എസ്.എൻ വനിതാകോളേജിൽ ജൂൺ 17 നും, തിരുവനന്തപുരം വഴുതയ്ക്കാട് ഗവൺമെന്റ് വനിതാകോളേജിൽ ജൂൺ 18 നും നടത്തുന്നതാണ്. ജൂൺ 19 ന് റാങ്ക് പട്ടിക അതത് കോളേജുകളിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിനെ സമീപിക്കണം. സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ അയയ്ക്കേണ്ടതില്ല. ഒന്നാം വർഷ ബിരുദ ക്ലാസുകൾ ജൂൺ 24 ന് ആരംഭിക്കുന്നതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2019
## ഒന്നാം ഘട്ട അലോട്ട്മെന്റ്

സർവകലാശാലയുടെ 2019-20 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് (ഫീസ് വിശാദാംശങ്ങൾ

വെബ്സൈറ്റിൽ) ജൂൺ 9-ന് വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈനായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം ലഭ്യമാകുന്ന വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

മേൽപറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. ഒന്ന്, രണ്ട്, മൂന്ന് ഘട്ടം അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതി. തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 9 വൈകിട്ട് 5 മണി വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>സ്പോർട്സ്/കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം</u>

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും സ്പോർട്സ് ക്വാട്ടയിലേയ്ക്കും, എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്കുള്ള രജിസ്ട്രേഷന് വേണ്ടിയുള്ള സൈറ്റ് 16.06.2019 മുതൽ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>ഒന്നാം വർഷ ബിരുദ/ബിരുദാനന്തര ബിരുദ പ്രവേശനം 2019</u>
## <u>പ്രിൻസിപ്പൽമാരുടെ യോഗം 10.06.2019-ന്</u>

ഒന്നാം വർഷ ബിരുദ/ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെയും, അഡ്മിഷൻ കോ-ഓർഡിനേറ്റർമാരുടെയും യോഗം 10.06.2019 തിങ്കളാഴ്ച്ച സർവകലാശാല ആസ്ഥാനത്തുള്ള സെനറ്റ് ചേംബറിൽ വച്ച് നടത്തുന്നതാണ്.

സർക്കാർ/എയ്ഡഡ് കോളേജുകളുടേത് രാവിലെ 11 മണിയ്ക്കും, സ്വാശ്രയ/യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി എന്നിവയുടേത് ഉച്ചയ്ക്ക് 2 മണിയ്ക്കുമാണ് നടത്തുന്നത്. എല്ലാ കോളേജുകൾക്കും ഇ-മെയിൽ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ ഇ-മെയിൽ ലഭിക്കാതെ വന്നാൽ ഈ പത്രക്കുറിപ്പ് അറിയിപ്പായി കരുതി പ്രസ്തുത യോഗത്തിൽ കൃത്യ സമയത്ത് പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

2019 ഫെബ്രുവരിയിൽ നടത്തിയ ഒമ്പതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി പരീക്ഷാ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 22 വരെ അപേക്ഷിക്കാം.

2019 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (ഓൾഡ് സ്കീം - മേഴ്സി ചാൻസ്), മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ് സ്ട്രീം) സപ്ലിമെന്ററി/മേഴ്സിചാൻസ് ഡിഗ്രി പരീക്ഷാകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ഡിസംബർ 2018, ഫെബ്രുവരി 2019 ൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എ ഇക്കണോമിക്സ് സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

2019 ജൂൺ 19 മുതൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) റെഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## അക്കാദമിക് കലണ്ടർ

സി.ബി.സി.എസ് സമ്പ്രദായത്തിലുള്ള യു.ജി പ്രോഗ്രാമുകളുടെ 2019-20 അദ്ധ്യയന വർഷത്തിലെ I,III, V സെമസ്റ്ററുകളുടെ അക്കാദമിക് കലണ്ടറുകൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദൂര വിദ്യാഭ്യാസ കേന്ദ്രം - ക്ലാസുകൾ

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ ബി.എ മലയാളം, സോഷ്യോളജി, ഇംഗ്ലീഷ്, ഹിസ്റ്ററി, ബി.കോം ക്ലാസുകൾ 8 ാം തീയതി മുതൽ കൊല്ലം സെന്ററുകളായ യു.ഐ.റ്റി മുളങ്കാടകം, ബി.എഡ് കോളേജ് തേവള്ളി എന്നിവിടങ്ങളിലായി ആരംഭിക്കുന്നു.

## ഫയൽ അദാലത്ത്

സർവകലാശാലയിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി സംഘടിപ്പിച്ചുവരുന്ന ഫയൽ അദാലത്തിലേയ്ക്ക് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പ്രിൻസിപ്പൽമാർ, മാനേജർമാർ എന്നിവരിൽ നിന്നും പരാതികൾ ഓൺലൈനായി സ്വീകരിക്കുന്നതാണ്. ഇതിനായി സർവകലാശാല വെബ്സൈറ്റിൽ പ്രത്യേക ലിങ്ക് ഓപ്പൺ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാവരും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു. ഫയൽ അദാലത്തിന്റെ തീയതി പിന്നീട് അിറയിക്കുന്നതാണ്.

## സീറ്റ് ഒഴിവ്

സർവകലാശാലയിലെ 'സെന്റർ ഫോർ ട്രാൻസ്ലേഷൻ ആന്റ് ട്രാൻസ്ലേഷൻ സ്റ്റഡീസ്' നടത്തുന്ന ഒരു വർഷ 'ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ്' കോഴ്സിന് (രണ്ട് സെമസ്റ്റർ) സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ അപേക്ഷാഫീസായ 200 രൂപയും ഒന്നാം സെമസ്റ്റർ ഫീസായ 6200 രൂപയും സർട്ടിഫിക്കറ്റുകളും മാർക്കുലിസ്റ്റുകളുമായി (കോപ്പികൾ സഹിതം) നേരിട്ട് സെന്റർ ഫോർ ട്രാൻസ്ലേഷൻ സ്റ്റഡീസ്, ARTS Block II (കാര്യവട്ടം കാമ്പസ്) ൽ ജൂൺ 29 ന് മുൻപ് രാവിലെ 11 മണിക്ക് ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക്: Hon.Director, Centre for Translation and Translation Studies (Mob: 9207639544, 9349439544)

തിരുവനന്തപുരം,
06-06-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098